ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 03-06-2026 TIME: 07.25 AM

## പ്രധാന വാർത്തകൾ

1. വെനിസ്വേലിയൻ ഇടക്കാല പ്രസിഡൻറ് നാല് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് ഇന്ത്യയിലെത്തും; പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി ഉഭയകക്ഷി ചർച്ച നടത്തും.

   The Acting President of Venezuela Delcy Rodríguez will be on a four day visit to India from today. She will hold bilateral discussions with Prime Minister Narendra Modi.

2. ദേശീയ പഞ്ചായത്ത് അവാർഡുകൾ ഇന്ന് ന്യൂഡൽഹിയിൽ സമ്മാനിക്കും; കേരളത്തിൽ നിന്ന് നിരണം, ഒറ്റൂർ, മേലുകാവ് ഗ്രാമ പഞ്ചായത്തുകൾക്കും ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിനും പുരസ്ക്കാരം.

   National Panchayat Awards to be presented in New Delhi today; Niranam, Ottoor and Melukavu Grama Panchayats, and Haripad Block Panchayat from Keralam will receive the awards.

3. വിവാഹിതരായ പെൺമക്കളെ ആശ്രിത നിയമനത്തിനുള്ള അർഹതയിൽ നിന്ന് ഒഴിവാക്കാൻ കഴിയില്ലെന്ന് സുപ്രീം കോടതി.

   The Supreme Court has held that married daughters cannot be excluded from compassionate appointment, saying that the omission of married daughters from the definition of family is manifestly arbitrary, unjustified and constitutionally untenable.

4. കർണാടക മുഖ്യമന്ത്രിയായി മുതിർന്ന കോൺഗ്രസ് നേതാവ് ഡി.കെ. ശിവകുമാർ ഇന്ന് സത്യപ്രതിജ്ഞ ചെയ്യും.

**Senior Congress leader DK Shivakumar will be sworn-in as Chief Minister of Karnataka today.**

5. **കേരള നിയമസഭയിൽ ഗവർണറുടെ നയ പ്രഖ്യാപനത്തിന്മേലുള്ള നന്ദിപ്രമേയ ചർച്ച ഇന്നും തുടരും; സംസ്ഥാന ബജറ്റ് ഈ മാസം 19 ന്.**

   **Discussion on the Motion of thanks to the Governor's Policy Address will continue in the Legislative Assembly of Keralam today; the State Budget will be presented on the 19th of this month.**

6. **സംസ്ഥാനത്ത് ശക്തമായ മഴ തുടരും. ആലപ്പുഴ മുതൽ തൃശ്ശൂർ വരെ ഇന്ന് ഓറഞ്ച് ജാഗ്രത; കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.**

   **Heavy rain is expected to continue in Keralam. Orange alert issued today for districts from Alappuzha to Thrissur; fishing has been prohibited along the Keralam, Karnataka and Lakshadweep coasts.**

*****************************

## VENEZUELA PREZ VISIT

വെനിസ്വേലിയൻ ഇടക്കാല പ്രസിഡന്റ് ഡെൽസി റോഡ്രിഗസ് നാല് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് ഇന്ത്യയിലെത്തും. വിദേശകാര്യം, ശാസ്ത്ര-സാങ്കേതിക വിദ്യ, ധനകാര്യം എന്നീ വകുപ്പുകളിലെ മന്ത്രിമാർ ഉൾപ്പെടുന്ന ഉന്നതതല പ്രതിനിധി സംഘവും വെനിസ്വേല പ്രസിഡന്റിനെ അനുഗമിക്കുന്നുണ്ട്. സന്ദർശനത്തിനിടെ ഡെൽസി റോഡ്രിഗസ് പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി ഉഭയകക്ഷി ചർച്ചകൾ നടത്തും. വ്യാപാരം, നിക്ഷേപം, ഊർജ്ജം, ആരോഗ്യം, ഔഷധ നിർമ്മാണം എന്നീ മേഖലകളിലെ സഹകരണം ഇരുവരും ചർച്ച ചെയ്യും.

*****************************

## MORN. INDIA-GERMANY TRANSIT VISA

ഇന്ത്യക്കാർക്ക് ഇനി ജർമ്മനിയിലൂടെ ട്രാൻസിറ്റ് വീസയില്ലാതെ യാത്ര ചെയ്യാം. ജർമ്മനിയിലെ വിമാനത്താവളങ്ങൾ വഴി യാത്ര ചെയ്യുന്ന ഇന്ത്യക്കാർക്ക് ട്രാൻസിറ്റ് വീസ നിബന്ധന

ഒഴിവാക്കിക്കൊണ്ടുള്ള ജർമ്മൻ സർക്കാരിന്റെ തീരുമാനം ഇന്നുമുതൽ പ്രാബല്യത്തിൽ വന്നു. തീരുമാനത്തെ സ്വാഗതം ചെയ്ത വിദേശകാര്യ മന്ത്രാലയം പുതിയ ക്രമീകരണം ഇരുരാജ്യങ്ങളിലെയും ജനങ്ങൾ തമ്മിലുള്ള ബന്ധം കൂടുതൽ ശക്തമാക്കാൻ സഹായിക്കുമെന്നും അറിയിച്ചു.

*****************************

## NATIONAL PANCHAYAT AWARD

2025 ലെ ദേശീയ പഞ്ചായത്ത് അവാർഡുകൾ കേന്ദ്രമന്ത്രി രാജീവ് രഞ്ജൻ സിംഗ് ഇന്ന് ന്യൂഡൽഹിയിൽ വിതരണം ചെയ്യും. രാജ്യത്തെ 42 മികച്ച പഞ്ചായത്തുകൾക്കാണ് പുരസ്കാരങ്ങൾ സമ്മാനിക്കുക. കേരളത്തിൽ നിന്നുള്ള നിരണം, ഒറ്റൂർ, മേലുകാവ് ഗ്രാമ പഞ്ചായത്തുകൾക്കും, ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിനും വിവിധ വിഭാഗങ്ങളിൽ പുരസ്കാരം ലഭിച്ചിട്ടുണ്ട്.

*****************************

## SC DAUGHTERS

വിവാഹിതരായ പെൺമക്കളെ ആശ്രിത നിയമനത്തിനുള്ള അർഹതയിൽ നിന്ന് ഒഴിവാക്കാൻ കഴിയില്ലെന്ന് സുപ്രീം കോടതി. കുടുംബത്തിന്റെ നിർവചനത്തിൽ നിന്ന് വിവാഹിതരായ മക്കളെ ഒഴുവാക്കുന്നത് തികച്ചും ഏകപക്ഷീയവും നീതിരഹിതവും ഭരണഘടനാ വിരുദ്ധവുമാണെന്ന് കോടതി നിരീക്ഷിച്ചു. അലഹബാദ് ഹൈക്കോടതിയുടെ ഉത്തരവ് റദ്ദാക്കിക്കൊണ്ടാണ് ഈ സുപ്രധാന വിധി.

*****************************

## GOVT-12 YRS WELFARE OF MIDDLE CLASS (INTRO)

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള കേന്ദ്ര സർക്കാർ കഴിഞ്ഞ 12 വർഷത്തിനിടെ പ്രധാന മേഖലകളിൽ നടത്തിയ പ്രവർത്തനങ്ങളെ കുറിച്ച് ആകാശവാണി ഒരുക്കുന്ന പ്രത്യേക പരിപാടിയിൽ ഇന്ന് രാജ്യത്തെ മധ്യവർഗ ജനവിഭാഗങ്ങളുടെ ശാക്തീകരണത്തിന് സ്വീകരിച്ച നടപടികളെക്കുറിച്ച് അറിയാം. നികുതി ലഘൂകരണം, ശക്തമായ ബാങ്കിങ്-പെൻഷൻ സംവിധാനങ്ങൾ എന്നിവ വഴി മധ്യവർഗത്തിന്റെ സാമ്പത്തിക സുരക്ഷിതത്വം വർദ്ധിപ്പിച്ചതുൾപ്പടെ നിരവധി ക്ഷേമ

പ്രവർത്തനങ്ങളാണ് ഈ കാലയളവിൽ സർക്കാർ നടപ്പിലാക്കിയത്.

**ഒരു റിപ്പോർട്ട്**

**(വോയ്സ്)**

പുതിയ നികുതി ഘടന പ്രകാരം വാർഷിക വരുമാനം 12 ലക്ഷം രൂപ വരെയുള്ളവർക്ക് നികുതിയില്ല. ജി.എസ്.ടി നിലവിൽ വന്നതോടെ നിത്യോപയോഗ സാധനങ്ങളുടെ വിലയും കുറഞ്ഞു. പ്രധാൻമന്ത്രി ആവാസ് യോജന (അർബൻ) വഴി അനുവദിച്ച 1.25 കോടി വീടുകളിൽ 98 ലക്ഷത്തിലധികം വീടുകൾ ഗുണഭോക്താക്കൾക്ക് കൈമാറി. ആയുഷ്മാൻ ഭാരത് പദ്ധതിയിലൂടെ ഇതുവരെ 43.52 കോടി ആരോഗ്യ കാർഡുകൾ വിതരണം ചെയ്തു. ജൻ ഔഷധി കേന്ദ്രങ്ങൾ വഴി ഗുണനിലവാരമുള്ള മരുന്നുകൾ 50 മുതൽ 80 ശതമാനം വരെ വില കുറവിൽ ലഭ്യമാക്കുന്നുണ്ട്. ഇതിനു പുറമെ, മുദ്ര യോജനയ്ക്ക് കീഴിൽ ഇതുവരെ 40 ലക്ഷം കോടി രൂപയുടെ വായ്പകളും കേന്ദ്ര സർക്കാർ വിതരണം ചെയ്തിട്ടുണ്ട് .

**ന്യൂസ് ഡെസ്ക് ആകാശവാണി........**

*****************************

## TRIBAL AFFAIRS – CONCLAVE

കേന്ദ്ര ഗോത്രകാര്യ മന്ത്രാലയത്തിന്റെ നേതൃത്വത്തിലുള്ള ദേശീയ കോൺക്ലേവ് ഇന്ന് ന്യൂഡൽഹിയിൽ നടക്കും. 'ജനജാതീയ ഗരിമ ഉത്സവ് 2026'-ന്റെ ഭാഗമായി സംഘടിപ്പിക്കുന്ന പരിപാടിയുടെ ഉദ്ഘാടന സമ്മേളനത്തെ രാഷ്ട്രപതി ദ്രൗപദി മുർമു അഭിസംബോധന ചെയ്യും. ബംഗളൂരുവിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ സെന്റർ ഫോർ നാനോ സയൻസ് ആൻഡ് എഞ്ചിനീയറിംഗിൽ സ്ഥാപിച്ച 'ട്രെയിനിംഗ് ഫാബ്' രാഷ്ട്രപതി ചടങ്ങിൽ വെർച്വലായി ഉദ്ഘാടനം ചെയ്യും.

*****************************

## CBSE CHAIR PERSON

സി.ബി.എസ്.ഇയുടെ പുതിയ ചെയർപേഴ്സണായി ലോകണ്ഡെ പ്രശാന്ത് സീതാറാമിനെ നിയമിച്ചു. നിലവിൽ ആഭ്യന്തര മന്ത്രാലയത്തിൽ അഡീഷണൽ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചു വരികയായിരുന്നു അദ്ദേഹം. ഉന്നത വിദ്യാഭ്യാസ വകുപ്പിൽ

ഡയറക്ടറായി പ്രവർത്തിക്കുകയായിരുന്ന വരുൺ ഭരദ്വാജിനെ സി.ബി.എസ്.ഇ സെക്രട്ടറിയായും കേന്ദ്ര സർക്കാർ നിയമിച്ചു.

*****************************

## WAVES OTT

പ്രസാർ ഭാരതിയുടെ ഡിജിറ്റൽ സ്ട്രീമിങ് പ്ലാറ്റ്ഫോമായ WAVES OTT ഒരു കോടിയിലധികം ഉപയോക്താക്കൾ എന്ന നേട്ടം കൈവരിച്ചു. 2024 നവംബറിലാണ് ഈ സംവിധാനം ആരംഭിച്ചത്. രാജ്യത്തെ പൊതു ഡിജിറ്റൽ മീഡിയ സംവിധാനത്തിന്റെ വളർച്ചയിലെ സുപ്രധാന ചുവട് വെയ്പ്പാണ് ഈ നേട്ടമെന്ന് കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയം അറിയിച്ചു. തദ്ദേശീയ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളുടെ വിശ്വാസ്യത വർധിക്കുന്നതിന്റെ തെളിവാണിതെന്നും മന്ത്രാലയം വ്യക്തമാക്കി.

*****************************

## DK Shivakumar

കർണാടക മുഖ്യമന്ത്രിയായി മുതിർന്ന കോൺഗ്രസ് നേതാവ് ഡി.കെ. ശിവകുമാർ ഇന്ന് സത്യപ്രതിജ്ഞ ചെയ്യും. ബെംഗളൂരുവിലെ ലോക് ഭവനിൽ വൈകുന്നേരം നാല് മണിക്ക് നടക്കുന്ന ചടങ്ങിൽ ഗവർണർ താവർചന്ദ് ഗെലോട്ട് സത്യവാചകം ചൊല്ലിക്കൊടുക്കും. സിദ്ധരാമയ്യ മുഖ്യമന്ത്രി സ്ഥാനം രാജിവെച്ചതിനെ തുടർന്നാണ് ഉപമുഖ്യമന്ത്രിയായിരുന്ന ഡി.കെ. ശിവകുമാർ ഈ പദവിയിലേക്ക് എത്തുന്നത്. അതേസമയം, സിദ്ധരാമയ്യയെ കോൺഗ്രസ് പ്രവർത്തക സമിതി അംഗമായി പാർട്ടി അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ നിയമിച്ചു.

*****************************

## KERALA ASSEMBLY

കേരള നിയമസഭയിൽ ഗവർണറുടെ നയ പ്രഖ്യാപനത്തിന്മേലുള്ള നന്ദിപ്രമേയ ചർച്ച ഇന്നും തുടരും. കോവിഡ് മഹാമാരിക്ക് ശേഷം യുവജനങ്ങൾക്കിടയിൽ പക്ഷാഘാതം വർധിച്ചുവരുന്ന സാഹചര്യം, സി.ബി.എസ്.ഇ. പരീക്ഷാ മൂല്യനിർണ്ണയത്തിലെ പിഴവുകൾ തുടങ്ങിയവയാണ് പ്രതിപക്ഷത്തിൻറെ ഇന്നത്തെ ശ്രദ്ധ ക്ഷണിക്കൽ വിഷയങ്ങൾ. മുഖ്യമന്ത്രി വി ഡി സതീശൻ

നയിക്കുന്ന യു ഡി എഫ് സർക്കാരിൻറെ ആദ്യ ബജറ്റ് ഈ മാസം 19 ന് അവതരിപ്പിക്കും.

*****************************

## WEATHER KERALA (INTRO)

കേരളത്തിൽ ശക്തമായ മഴ തുടരും. ആലപ്പുഴ മുതൽ തൃശ്ശൂർ വരെ നാലു ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്നു ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. മറ്റ് ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതയാണ്. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ നാളെ വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

**കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരത്തു നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.**
**(വോയ്സ്)**

*****************************

## MARITIME BOARD

അപകടകരമായ കാലാവസ്ഥയിൽ വിനോദസഞ്ചാര ബോട്ടുകളുടെ സർവീസ് നിർത്തിവെക്കണമെന്ന് കേരള മാരിടൈം ബോർഡ്. അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള മുൻകരുതലിന്റെ ഭാഗമാണിത്. കാലാവസ്ഥ അപകടകരമാകുന്ന ദിവസങ്ങളിലും പുഴയിൽ ശക്തമായ ഒഴുക്കുള്ള ദിവസങ്ങളിലും സർവീസ് നിർത്തിവെക്കണം. നിർദേശം ലംഘിച്ച് സർവീസ് നടത്തുന്ന ബോട്ടുകൾ പിടിച്ചെടുക്കുകയും ജീവനക്കാർക്കും ഉടമകൾക്കും എതിരെ ശിക്ഷാനടപടികൾ സ്വീകരിക്കുകയും ചെയ്യുമെന്ന് അധികൃതർ അറിയിച്ചു.

*****************************

## WOMEN CRICKET

ഇന്ത്യ- ഇംഗ്ലണ്ട് വനിത ട്വന്റി-20 ക്രിക്കറ്റ് മൂന്നാം മത്സരത്തിൽ ആതിഥേയരായ ഇംഗ്ലണ്ടിന് ആറ് വിക്കറ്റ് ജയം. ഇതോടെ മൂന്ന് മത്സരങ്ങളടങ്ങിയ പരമ്പര ഇംഗ്ലണ്ട് 2-1 ന് സ്വന്തമാക്കി. ഇന്ത്യ ഉയർത്തിയ 181 റൺസ് വിജയലക്ഷ്യം,18.3 ഓവറിൽ നാല് വിക്കറ്റ് നഷ്ടത്തിൽ ഇംഗ്ലണ്ട് മറികടന്നു. ഇംഗ്ലണ്ടിന്റെ ആലീസ് ക്യാപ്സി ആണ് പ്ലെയർ ഓഫ് ദി മാച്ചും പ്ലെയർ ഓഫ് ദി സീരീസും.

*****************************

## RASHTRIYA BAL PURASKAR – NOMINATION

ഈ വർഷത്തെ 'പ്രധാൻമന്ത്രി രാഷ്ട്രീയ ബാൽ പുരസ്കാരത്തിനുള്ള അപേക്ഷ ക്ഷണിച്ച് കേന്ദ്ര സർക്കാർ. awards.gov.in എന്ന പോർട്ടൽ വഴി ജൂലൈ 31 വരെ അപേക്ഷകൾ സമർപ്പിക്കാം. ധീരത, സാമൂഹിക സേവനം, പരിസ്ഥിതി, കായികം, കല-സാംസ്കാരികം, ശാസ്ത്ര-സാങ്കേതികവിദ്യ എന്നീ മേഖലകളിൽ അസാധാരണമായ സംഭാവനകൾ നൽകിയ കുട്ടികൾക്കാണ് പുരസ്കാരം സമ്മാനിക്കുന്നത്.

****************************

## DRDO-RUDRAM MISSILE

DRDO യും വ്യോമസേനയും ചേർന്ന് തദ്ദേശീയമായി വികസിപ്പിച്ചെടുത്ത 'രുദ്രം-II' മിസൈലിന്റെ പരീക്ഷണം വിജയകരം. അതീവ സങ്കീർണ്ണമായ സാഹചര്യങ്ങളിൽ യുദ്ധവിമാനത്തിൽ നിന്ന് വിക്ഷേപിച്ചായിരുന്നു മിസൈലിന്റെ ശേഷി പരിശോധിച്ചത്. ഈ ചരിത്ര നേട്ടത്തിന് പിന്നിൽ പ്രവർത്തിച്ചവരെ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് അഭിനന്ദിച്ചു.

****************************

## UNGA-PRESIDENT-ELECT-RAHMAN

ഐക്യരാഷ്ട്രസഭ പൊതുസഭയുടെ 81-ാമത് സമ്മേളനത്തിന്റെ പ്രസിഡന്റായി ബംഗ്ലാദേശ് വിദേശകാര്യ മന്ത്രി ഖലീലുർ റഹ്മാൻ തിരഞ്ഞെടുക്കപ്പെട്ടു. പൊതുസഭയിൽ നടന്ന വോട്ടെടുപ്പിൽ സൈപ്രസിന്റെ പ്രത്യേക പ്രതിനിധി ആൻഡ്രിയാസ് കക്കൗറിസിനെയാണ് അദ്ദേഹം പരാജയപ്പെടുത്തിയത്. ഖലീലുർ റഹ്മാന് 99 വോട്ടുകൾ ലഭിച്ചപ്പോൾ ആൻഡ്രിയാസിന് 91 വോട്ടുകൾ മാത്രമാണ് നേടാനായത്. സെപ്റ്റംബറിൽ ആരംഭിക്കുന്ന പൊതുസഭയുടെ പുതിയ സമ്മേളനം മുതൽ ഒരു വർഷത്തേക്കായിരിക്കും ഖലീലുർ റഹ്മാൻറെ കാലാവധി.

****************************

## WB – GOVT – WELFARE INITIATIVE

പശ്ചിമ ബംഗാൾ സർക്കാരിന്റെ പുതിയ സാമൂഹിക ക്ഷേമ പദ്ധതിയായ 'അന്നപൂർണ്ണ യോജനയ്ക്ക്' ഇന്ന് തുടക്കമാകും.

മുഖ്യമന്ത്രി സുവേന്ദു അധികാരി ഔദ്യോഗിക ഉദ്ഘാടനം ഇന്ന് നിർവ്വഹിക്കും. ഗുണഭോക്താക്കൾക്കുള്ള അനുമതി പത്രം ചടങ്ങിൽ വിതരണം ചെയ്യും.

****************************************************

**************************************